കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആര്യാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് ആലപ്പുഴ ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്കുറുടെ കാര്യാലയം

e-mail: doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ-എ.എൽ.പി/പി8-790/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 29.12.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

കെ.എസ്.എ-എ.എൽ.പി/പി8-790/2020 തീയതി: 29.12.2020

## ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.04.2018 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2020 മുതൽ 23.11.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ<br>ശ്രീമതി. ലേഖ പി കെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികള്

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. കവിത ഹരിദാസ് | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. വീണ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ആഭ വി എസ് | 01.04.2018 മുതൽ 03.11.2018FN വരെ |
| | ശ്രീമതി. യാമിനി ദാസ് | 03.11.2018AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. കണ്ണൻ വി എ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. മന മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.അക്ഷയ് ശശിധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ലിറ്റി ചെറിയാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ആശാലത | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, ചെമ്പൻതറ | ശ്രീ. സജിത്ത് റ്റി വി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, ഐക്യഭാരതം | ശ്രീമതി. ദീപ്തി എ ജി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സൗമ്യ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്. | ശ്രീമതി. വസന്തകുമാരി ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. സൂര്യ അജിത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സുജാത എസ് | 16.11.2018 മുതൽ 31.03.2019 വരെ<br>(01.04.18-15.11.18 വരെ വേക്കന്റ്) |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കിയില്ല |
| 14 | 1-14 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ |
| 15 | 1-15 | മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 16 | 1-16 | ഫണ്ട് വിനിയോഗത്തിലെ വീഴ്ച - 81.25 ലക്ഷം നഷ്ടമായി |
| 17 | 1-17 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല - 1222914/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 18 | 1-18 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധികതുക ചെലവഴിച്ചത് അനുവദിക്കുന്നില്ല |
| 19 | 1-19 | ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി പ്രത്യേകം രസീത് ബുക്കുകൾ പ്രിന്റ് ചെയ്തു - ഗുരുതരമായ വീഴ്ച |
| 20 | 1-20 | ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗവിവരങ്ങളില്ല |
| 21 | 1-21 | എച്ച്.എം, ഗവ. വി.വി.എസ്.ഡി. എൽ.പി.എസ്. നിർവഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ |
| 22 | 1-22 | ഇ.എം.എസ്. ഭവനവായ്പ - അക്കൗണ്ട്സ് പ്രകാരമുള്ളതിലും അധിക തുക തിരിച്ചടവ് |

| | | |
|---|---|---|
| | | വരുത്തി |
| 23 | 1-23 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല |
| 24 | 1-24 | സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ |
| 25 | 1-25 | കമ്മ്യൂണിറ്റി ഹാളിലേക്ക് പാചക പാത്രങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല |
| 26 | 1-26 | പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ – വിതരണരേഖകൾ ഹാജരാക്കിയില്ല |
| 27 | 1-27 | തെരുവ് വിളക്ക് റിപ്പയർ - നിർവ്വഹണത്തിലെ അപാകതകൾ |
| 28 | 1-28 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ |
| 29 | 1-29 | ലൈഫ് പദ്ധതി അവലോകനം |
| 30 | 1-30 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 31 | 1-31 | തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ |
| ഭാഗം 2 | | |
| 32 | 2-1 | ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. |
| ഭാഗം 3 | | |
| 33 | 3-1 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധിക തുക ചെലവഴിച്ചത് അനുവദിക്കുന്നില്ല |
| 34 | 3-2 | ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി പ്രത്യേകം രസീത് ബുക്കുകൾ പ്രിന്റ് ചെയ്തു - ഗുരുതരമായ വീഴ്ച |
| 35 | 3-3 | സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ – പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കിനേക്കാൾ അധികതുക നൽകിയത് അംഗീകരിക്കുന്നില്ല |
| ഭാഗം 4 | | |
| 36 | 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 39 | 4-4 | വായ്പ/വായ്പാതിരിച്ചടവ് |
| 40 | 4-5 | സ്ഥിര നിക്ഷേപം |
| 41 | 4-6 | ഓഡിറ്റ് റിക്കവറി |
| 42 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 43 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 44 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 46 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 47 | അനുബന്ധം2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 23.01.2019 തീയതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 229236635 | 208502455 |
| വാർഷിക കണക്ക് പ്രകാരം | 112673606 | 102311599 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവു ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 21.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3317371 |
| വരവ് | 109356235 |
| ആകെ | 112673606 |
| ചെലവ് | 102311599 |
| നീക്കിയിരിപ്പ് | 10362007 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18400000 | 18400000 | 18117597 | 282403 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3049000 | 3049000 | 2588215 | 460785 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 287000 | 287000 | 156734 | 130266 |
| മെയിന്റനൻസ്, റോഡ് | 0 | 3648000 | 3648000 | 684543 | 2963457 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3812000 | 3812000 | 3388173 | 423827 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10581793 | 10581793 | 6716552 | 3865241 |
| ജനറൽ പർപ്പസ് ഗ്രാന്റ് | -555236 | 14801840 | 14246604 | 11507056 | 2739548 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 161086664 | 91 | 79768731 | 0 | 49 | 65% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 265373.50 | 684255 | 949628.50 | 930057 | 19571.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 73774000 | 73774000 | 73774000 | 0 |
| ആകെ | 265373.50 | 74458255 | 74723628.50 | 74704057 | 19571.50 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 356040 | 158 |
| കർഷകതൊഴിലാളി പെൻഷൻ | 6527500 | 530 |
| വിധവാ പെൻഷൻ | 11098000 | 955 |
| വാർദ്ധക്യകാല പെൻഷൻ | 27769400 | 2640 |
| വികലാംഗ പെൻഷൻ | 4212300 | 329 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 240000 | 8 |
| അവിവാഹിത പെൻഷൻ | 1087500 | 88 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41046/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷുറൻസ് കവറേജ് ഇല്ല.

2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. പഞ്ചായത്ത് കമ്മറ്റി യോഗ തീരുമാനങ്ങളുടെ മിനിട്സ് സകർമ്മ സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
8. പഞ്ചായത്ത് വക വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. 2018-19 കാലയളവിൽ പ്രതിമാസ ഇന്ധന ഉപഭോഗ സംബന്ധമായ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
9. തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ്, വെള്ളക്കരം എന്നീ ഇനങ്ങളിൽ ചെലവഴിക്കപ്പെടുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.01.2020 | ഡിസംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.07.2014 | 2009-10 മുതൽ 2013-14 വരെ | 25.09.2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി/പി.9-551/2019 തീയതി. 01.07.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

മറ്റ് അപാകതകൾ

1. 2018-19 വർഷത്തെ വികസനഫണ്ട് മൂന്നാം ഗഡു സ.ഉ(സാധാ)നം.9858/2018/ധന തീയതി. 29.11.2018 മുഖേന അനുവദിച്ചപ്പോൾ പൊതുവിഭാഗം ഫണ്ടിൽ നിന്നും വെള്ളക്കരം ഇനത്തിൽ 4953/- രൂപയും വൈദ്യുതചാർജ്ജ് ഇനത്തിൽ 1468/- രൂപയും സോഴ്സിൽ കുറവ് ചെയ്തിരുന്നു. എന്നാൽ ഈ തുകകൾ വാർഷിക കണക്കിൽ വികസനഫണ്ട് (പൊതു വിഭാഗം) വരവ് ചെലവ് തുകയിൽ ഉൾപ്പെട്ടിട്ടില്ല.
2. 2017-18 ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം ഇ.എം.എസ് ലോൺ തിരിച്ചടയ്ക്കാൻ ആവശേഷിക്കുന്ന തുക 902671/- രൂപയാണ്. എന്നാൽ 2018-19 വാർഷിക ധനകാര്യപത്രിക RP-32 പ്രകാരം 977671/- രൂപ ലോൺ തിരിച്ചടവ് വരുത്തിയിട്ടുണ്ട്. വ്യത്യാസത്തിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

# 1-12 ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു

2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പറിങ്ങിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പെർമിറ്റില്ലാതെ നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ 229813/ആർ.ഡി2/2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്കാണ് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുന്നത്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ) | ഉപയോഗം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | മേഴ്സി ജോൺ, പനയ്ക്കൽ, 17/578 A, 578B, 578 C | 47.76 | വ്യവസായം | 478 | 716 | 238 |
| 2 | ജയറാം & ബിന്ദുപുഷ്പ, 8/556 C | 144.65 | പാർപ്പിടം | 868 | 1302 | 434 |
| 3 | ജയൻ.എസ്, കളമ്പുകാട്, 18/163A | 114.42 | ,, | 687 | 1030 | 343 |
| 4 | ജയകുമാർ നമ്പിടി,കിഴക്കേതിൽ,12/316A | 99.16 | ,, | 595 | 892 | 297 |
| 5 | എബ്രഹാം,ത്രേസ്യാമ്മഎബ്രഹാം,2/371A | 73.26 | ,, | 440 | 659 | 219 |
| 6 | ക്രിസ് റ്റി. പി.ജെ,പൊൻവേലിൽ,17/104A | 148.72 | ,, | 893 | 1338 | 445 |
| | ആകെ | | | | | 1976 |

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതയ്ക്ക് വിശദീകരണമാരാഞ്ഞ് എൻക്വയറി നം. 9/18.11.2020 നൽകിയതിനെ തുടർന്ന് ക്രമ നം. 4,5,6 എന്നിവരിൽ നിന്ന് 961/-രൂപ 20.11.2020-ൽ ഈടാക്കിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ ക്രമവൽക്കരണ ഫീസ് ഈടാക്കിയിരിക്കുന്ന മറ്റ് വ്യക്തികളിൽ നിന്നും ശേഷിക്കുന്ന തുകയായ 1015/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. 2018-19 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ്

രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളു ഷാപ്പുകൾ, റേഷൻ കടകൾ എന്നിവയിലെ ജീവനക്കാർ, കോൺട്രാക്ടർമാർ, ആശാ വർക്കർമാർ, പാലീയേറ്റീവ് നഴ്സ്, ബഡ്സ് സ്കൂൾ ടീച്ചർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-14 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/19.11.20) ലൈസൻസ് എടുക്കുന്നതിനായി ഈ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും 2020-21 വർഷത്തിൽ അന്തിമ നോട്ടീസ് നല്കി ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ)അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2018-2019 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ 3400/- രൂപ ലഭിച്ചിരുന്നു. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക എത്രയുംവേഗം തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഫണ്ട് വിനിയോഗത്തിലെ വീഴ്ച - 81.25 ലക്ഷം നഷ്ടമായി

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 81.25 ലക്ഷം പഞ്ചായത്തിന് നഷ്ടമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 282403 |
| വികസന ഫണ്ട് എസ്.സി.പി. | 460785 |
| വികസന ഫണ്ട്-ടി.എസ്.പി | 130266 |
| | |

| | |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2963457 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 423827 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3865241 |
| ആകെ | 8125979 |

വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല - 1222914/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 17.11.2020-ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയതിന് 2018-19 കാലയളവിലെ മെഡിക്കൽ ഓഫീസർ ഓഫീസ് സംബന്ധമായ ഒരു രേഖകളും കൈമാറ്റം ചെയ്തിട്ടില്ലെന്നും പ്രാഥമിക പരിശോധനയിൽ ഫയലുകൾ കണ്ടെത്താനായില്ലെന്നും ഈ വിവരം അന്നത്തെ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ചെലവ് |
|---|---|---|
| 1 | പാലിയേറ്റീവ് കെയർ 2018-19(പ്രോജക്ട് നം-33/19) | 567730/- |
| 2 | ഹെൽത്തി ആര്യാട് 2020(പ്രോജക്ട്നം-34/19) | 78248/- |
| 3 | ക്യാൻസർ നിർണ്ണയ പദ്ധതി 2018-19(പ്രോജക്ട് നം-35/19) | 80622/- |
| 4 | പി.എച്ച്.സി ലേക്ക് മരുന്ന് വാങ്ങൽ(പ്രോജക്ട് നം-36/19) | 200000/- |
| 5 | പി.എച്ച്.സി ലേക്ക് ഉപകരണങ്ങളും ഫർണിച്ചറും, ലാബ് റീ ഏജന്റും വാങ്ങൽ(പ്രോജക്ട്നം-37/19) | 84420/- |
| 6 | ഹെൽത്തി ആര്യാട് 2020(പ്രോജക്ട്നം-120/19) | 60100/- |
| 7 | പാലിയേറ്റീവ് കെയർ2017-18(പ്രോജക്ട് നം-121/19) | 71720/- |
| 8 | ക്യാൻസർ നിർണ്ണയ പദ്ധതി 2017-18(പ്രോജക്ട് നം-122/19) | 38186/- |
| 9 | പി.എച്ച്.സി ലേക്ക് ഉപകരണങ്ങൾ വാങ്ങൽ(പ്രോജക്ട് നം-131/19) | 41888/- |
| | ആകെ | 1222914 |

12,22,914/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം പ്രോജക്ടുകൾ സംബന്ധമായ എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997 ലെ കേരളാ പഞ്ചായത്ത് രാജ്(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടം 12 പ്രകാരം ബന്ധപ്പെട്ട രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച 1222914/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധികതുക ചെലവഴിച്ചത് അനുവദിക്കുന്നില്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങൽ (പ്രോജക്ട് നം. S0074/19) എന്ന പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ച് സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര എന്ന സ്ഥാപനത്തിന്റെ 26880/- രൂപയുടെ ടെൻഡർ (ACER laptop with ESI-576/4 GB/ITB/15.6") പഞ്ചായത്ത് കമ്മറ്റിയുടെ 10.08.2018 യുടെ 1(2) തീരുമാനപ്രകാരം അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി. എന്നാൽ സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര എന്ന സ്ഥാപനവുമായി സമയബന്ധിതമായി കരാറിൽ ഏർപ്പെടുകയോ സപ്ലൈ ഓർഡർ നൽകുകയോ ചെയ്തില്ല. തുടർന്ന് നിർവ്വഹണഉദ്യോഗസ്ഥയുടെ അപേക്ഷ പരിഗണിച്ച് 10.01.2019-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം. 1(3) - ൽ ടെൻഡർ സ്പെസിഫിക്കേഷനിൽ പറയുന്ന ലാപ്ടോപ്പിന് നിലവിൽ വില അധികരിച്ചതിനാൽ നൽകുവാൻ സാധിക്കില്ല എന്ന് അറിയിച്ചതിനാലും തൊട്ടടുത്ത വിലക്കുറവ് രേഖപ്പെടുത്തിയ നിയോൺ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനവും ഇതേ വിവരം തന്നെ നൽകിയതിനാലും റീടെൻഡർ ചെയ്യുന്നതിന് തീരുമാനിച്ചു. റീ ടെൻഡർ ക്ഷണിച്ച് ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിന്റെ ലാപ്ടോപ് ഒന്നിന് 29890/- രൂപയുടെ ടെൻഡർ 23.01.2019-ലെ തീരുമാനം 1(5) പ്രകാരം അംഗീകരിച്ചു. തുടർന്ന് ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും LAPTOP ACER ES1-533(QC/4GB/1TB/15.6") 4 ലാപ്ടോപ്പുകൾ 118880/- രൂപയ്ക്ക് (ബിൽ നം. 1/18-19 തീയതി, 12.03.2019) വാങ്ങി. (ഒരു ലാപ്ടോപ്പിന് 29,890/- രൂപയുടെ ടെൻഡർ അംഗീകരിച്ചുവെങ്കിലും സ്ഥാപനം 4 ലാപ്ടോപ്പുകൾ 118880/- രൂപയ്ക്ക് സപ്ലൈ ചെയ്തു.)

10.08.2018 – ൽ ടെൻഡർ അംഗീകരിച്ചതിനുശേഷം ലാപ്ടോപ്പ് വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കാൻ കാലതാമസം വന്നതുമൂലം റീടെൻഡർ ക്ഷണിക്കേണ്ടിവരുകയും ടെൻഡറിനേക്കാൾ അധികനിരക്ക് നൽകേണ്ടിവന്നതിനാൽ ലാപ്ടോപ്പിന്റെ വില ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. വില അധികരിച്ചതിനാൽ ലാപ് ടോപ്പ് നൽകാൻ സാധിക്കില്ല എന്ന് സ്ഥാപനം അറിയിച്ചതായുള്ള രേഖയോ സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനവുമായി നടത്തിയ കത്തിടപാടുകളുടെ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപനവുമായി യഥാസമയം കരാറിൽ ഏർപ്പെട്ട് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതിരുന്നതും സപ്ലൈ ഓർഡർ നൽകാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.07/17.11.2020), 10.08.2018-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27.11.2018-ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിരുന്നുവെന്നും 15 ദിവസം കഴിഞ്ഞിട്ടും കരാറിൽ ഏർപ്പെടുകയോ മറ്റ് അനുബന്ധരേഖകൾ സമർപ്പിക്കുകയോ ഉണ്ടായില്ല എന്നും പദ്ധതി നിർവ്വഹണം അടിയന്തരമായി പൂർത്തീകരിക്കേണ്ടതിനാൽ റീ ടെൻഡർ ക്ഷണിച്ച് പദ്ധതി പൂർത്തീകരിക്കേണ്ടതായിവന്നു എന്നാണ് മറുപടി നൽകിയത്. ഇതിൽനിന്നും സപ്ലൈ ഓർഡർ നൽകുന്നതിന് മൂന്നു മാസം 17 ദിവസം കാലതാമസം വന്നു എന്നത് വ്യക്തമാണ്. അതിനാൽ അധികം ചെലവഴിച്ച തുക 11360/- രൂപ (118880 - 107520) യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി പ്രത്യേകം രസീത് ബുക്കുകൾ പ്രിന്റ് ചെയ്തു - ഗുരുതരമായ വീഴ്ച

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്ര പച്ചക്കറി വികസനപദ്ധതി എന്ന പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന്റെ പ്രിന്റിംഗ് ചാർജ് ആയി 4740/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രിന്റിംഗ് ചാർജ് രസീത് പരിശോധിച്ചതിൽ സമഗ്ര പച്ചക്കറി വികസനപദ്ധതി എന്ന പ്രോജക്ടിനായി 40 രസീതുബുക്കുകളും ആര്യാട് കുരുമുളക് ഗ്രാമം പദ്ധതിയ്ക്കായി 20 രസീത് ബുക്കുകളും കപ്പയും കാന്താരിയും എന്ന പദ്ധതിയ്ക്കായി 16 ബുക്കുകളും അച്ചടിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി രസീത് ബുക്കുകൾ പ്രിന്റ്

ചെയ്തതിന് വിശദീകരണവും പ്രിന്റ് ചെയ്ത രസീത് ബുക്കുകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ 17.11.2020-ലെ 6-ാംനം. ഓഡിറ്റ് എൻക്വയറിയ്ക്ക് 10.01.2019-ലെ ഭരണസമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് രസീതുബുക്കുകൾ പ്രിന്റ് ചെയ്തത് എന്നും ഹരിതസേനാംഗങ്ങൾ മുഖേന ഗുണഭോക്തൃ വിഹിതം ശേഖരിച്ച് കൃഷിഭവനിൽ അടക്കുകയും പിന്നീട് പഞ്ചായത്തിൽ അടയ്ക്കുകയുമാണ് ചെയ്തത് എന്നും മറുപടി നൽകിയിട്ടുണ്ട്. രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയുമില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും, പഞ്ചായത്ത് വാങ്ങി നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്ക് മുഖേനയാണ് ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടത്. ഇതിനുവിരുദ്ധമായി രസീതുകൾ പ്രിന്റ് ചെയ്ത് ഗുണഭോക്തൃവിഹിതം പിരിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഇത്തരം പ്രവൃത്തികൾ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് ചേർന്നതല്ല. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കാവുന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ കാരണങ്ങളാൽ ബ്രദേഴ്സ് ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് രസീത് ബുക്കുകൾ അച്ചടിച്ചതിന്റെ പ്രിന്റിംഗ് ചാർജ് ആയി നൽകിയ 4740/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. രസീത് ബുക്ക് പ്രിന്റ് ചെയ്യുന്നതിന് തെറ്റായ തീരുമാനം എടുത്ത 10.01.2019-ലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന് ചെലവഴിച്ച തുക 4740/-രൂപ തുല്യമായി ഈടാക്കേണ്ടതാണ്.

# 1-20 ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗവിവരങ്ങളില്ല

1. സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ പ്രോജക്ട് നമ്പർ : 57/19

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ എന്ന സ്പിൽ ഓവർ പ്രോജക്ടിനായി 2018-19 വർഷം 500000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 500000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി ചേർത്തല ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 745878/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 478172/- രൂപ 2017-18 വർഷം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ശേഷിക്കുന്ന തുക 267706/- രൂപ 2018-19 വർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

കൂടാതെ വിവിധ വാർഡുകളിൽ പുതുതായി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി ചേർത്തല ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 768082/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 366147/- രൂപ കൂടി പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ശേഷിക്കുന്ന 401935/- രൂപ കെ.എസ്.ഇ.ബി ക്ക് നൽകിയിട്ടുണ്ടോ എന്നും പ്രവൃത്തിയുടെ പൂർത്തീകരണവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/16.11.2020) 2020-21 സാമ്പത്തിക വർഷം ശേഷിക്കുന്ന തുക നൽകിയിട്ടുണ്ടെന്നും അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കെ.എസ്.ഇ.ബി. ക്ക് കത്ത് നൽകിയതായും മറുപടി ലഭ്യമാക്കി. പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 2018-19 വർഷത്തെ 633853/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ്:

| ബിൽ നം./തീയതി | തുക |
|---|---|
| 23/2018/17.11.2018 | 133853/- |
| 7912320/25.02.2019 | 133853/- |
| 61/2018-19/04.03.2019 | 366147/- |
| ആകെ | 633853/- |

2. വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ S0058/19)

വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 180000/- രൂപ വകയിരുത്തിയിരുന്നു. പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി 180000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 6911/- രൂപ തനതുഫണ്ടിൽ നിന്നും കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുവാനും പ്രോജക്ട് റിവൈസ് ചെയ്യാത്തതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/17.11.2020), 8098 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കുന്നതിന് പ്രോജക്ടിൽ ഫണ്ടില്ലാതിരുന്നതിനാലും മാർച്ച് മാസം പദ്ധതി റിവൈസ് ചെയ്യുന്നതിന് അവസരമില്ലാതിരുന്നതിനാലും റോഡ് നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ട സാഹചര്യത്തിലുമാണ് തനതുഫണ്ടിൽ നിന്നും തുക നൽകിയതെന്ന മറുപടി നൽകി. പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് മറുപടി നൽകിയില്ല.

പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ് | എസ്റ്റിമേറ്റ് / നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | 7 | 37628/- | 6/2018-19/29.06.2018 |
| 2 | 1 | 11645/- | 22/2018/17.11.2018 |
| 3 | | 24660/- | 40/2018-19/05.01.2019 |
| 4 | 16 | 36405/- | 32/2018-19/26.12.2018 |
| 5 | 15 | 4937/- | 45/2018-19/04.02.2019 |
| 6 | 18, 3, 5 | 32699/- | 47/2018-19/16.02.2019 |
| 7 | 11 | 22594/- | 52/2018-19/23.02.2019 |
| 8 | 5 | 8245/- | 59/2018-19/07.03.2019 |
| 9 | 15 | 8098/- | 68/2018-19/21.03.2019 (1187/-)<br>ചെക്ക് നം. 1477397/20.03.2019 (6911/- തനതുഫണ്ട്) |
| | ആകെ | 186911 | |

പ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 186911/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2018-19 – ലെ ബാലൻസ് ഷീറ്റ് ബി.18 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിലേതുൾപ്പെടെ 37,26,149/- രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചത് വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 എച്ച്.എം, ഗവ. വി.വി.എസ്.ഡി.എൽ.പി.എസ്. നിർവഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

I) SSA വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

എസ്.എസ്.എ വിഹിതം നൽകുന്നതിനായി, വികസനഫണ്ടിൽ നിന്നും 500000/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ച S001/19 നമ്പർ പ്രോജക്ടിൽപ്പെടുത്തി ബിൽ നം. 1/18 തീയതി. 23.07.2018 പ്രകാരം 500000/- രൂപ സർവ്വശിക്ഷാ അഭിയാന് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. ആയതിനാൽ തുക തടസപ്പെടുത്തുന്നു.

2)സ്മാർട്ട് ക്ലാസ്സ് റൂം സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല
പ്രോജക്ട് നമ്പർ - S0042/18

അടങ്കൽ - 200000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

മെയിന്റനൻസ് ഗ്രാന്റ്-175000/-

ചെലവ് - ബിൽ നമ്പർ - 2/3.11.18 – 200000/-

ബിൽ നമ്പർ - 3/5.11.18 – 171000/-

സ്കൂളുകളിൽ ഹൈടെക്ക് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തി ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് പ്രൊജക്ടറും അനുബന്ധ സാധനങ്ങളും വാങ്ങി ഗ്രാമപഞ്ചായത്തിലെ ഗവ.വി.വി.എസ്.ഡി L.P.S, എന്ന സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിലും ഓഫീസുകളിലും വിന്യസിക്കുന്നതിനാവശ്യമായ ഐ.ടി. ഹാർഡ്വെയർ സാധനങ്ങൾ വാങ്ങുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(സാധാ)97/18 പൊ.വി.വ. തീയതി. 06.01.2018 നമ്പർ ഉത്തരവിലെ നിബന്ധന - 1 ൽ ലാപ് ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ് എന്നിവ സർക്കാർ/തദ്ദേശസ്ഥാപന ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി വില എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിലെ സ്പെസിഫിക്കേഷനും വിലയും പരിഗണിക്കാതെയാണ് ഹൈടെക് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനാവശ്യമായ പ്രൊജക്ടർ വാങ്ങിയിരിക്കുന്നത്. സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനാവശ്യമായ മൾട്ടി മീഡിയ പ്രൊജക്ടറിന് ടാക്സ് ഉൾപ്പെടെ 22509/- രൂപ മാത്രം ചെലവഴിക്കാൻ അനുമതി ഉള്ളപ്പോൾ പ്രൊജക്ടർ 54499.8 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Tax | Total amount | Amount allowed | Excess |
|---|---|---|---|---|---|---|---|
| Projector view sonic | 2 | 42578/- | 85156/- | 23843.6 | 108999.9 | 22509x2 =45018 /- | 108999.9-45018= 63981.9/ |

ഇത് പ്രകാരം പ്രൊജക്ടർ വാങ്ങിയതിന് അധികമായി 63981 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബി) മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15000/- രൂപയിൽ അധികരിക്കാതെ മൊത്തം പ്രൊജക്ട് തുക 50,000/- രൂപയിൽ കവിയാതെയും സ്റ്റോർപർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ്. ഹൈടെക്ക് ക്ലാസ്സ് റൂമിനായുള്ള വാങ്ങലുകൾ നടത്തിയപ്പോൾ ഈ പട്ടികയിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനിലുള്ള ചുവടെ ചേർക്കും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| Item | Qty | Rate | Amount | Tax | Total amount |
|---|---|---|---|---|---|
| Raptor IR interactive board rytco80 | 2 | 55084.75 | 110169.5 | 19830.4 | 130000 |

സർക്കാർ ഉത്തരവിൽ അനുവദിക്കാത്ത ഉപകരണങ്ങൾ വാങ്ങിയപ്പോൾ തുക ഉത്തരവിലെ നിർദ്ദേശത്തിനുവിധേയമായി തുക ലിമിറ്റ് ചെയ്യാതിരുന്നതിനും സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ഉപകരണങ്ങൾ വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. ഉത്തരവിലെ നിബന്ധന 9 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്ട് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോൺ വഴി വാങ്ങാവുന്നതിന്റെ സാധ്യത ആരാഞ്ഞിട്ടില്ല.

4. എല്ലാ ഐ സി ടി ഉപകരണങ്ങൾക്കും 5 വർഷത്തെ വാറന്റി മേൽ മാർഗ്ഗനിർദ്ദേശപ്രകാരം ഉറപ്പാക്കേണ്ടതാണ്, വാങ്ങിയ ഉപകരണങ്ങൾക്ക് 3 വർഷത്തെ വാറന്റിയാണ് ലഭ്യമായിരിക്കുന്നത്.

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 16/20.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

## 1-22 ഇ.എം.എസ്. ഭവനവായ്പ – അക്കൗണ്ട്സ് പ്രകാരമുള്ളതിലും അധിക തുക തിരിച്ചടവ് വരുത്തി

2017-18 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഇ.എം.എസ്. ഭവനവായ്പ തിരിച്ചടയ്ക്കാനുള്ളത് 902671 രൂപയാണ്. എന്നാൽ 2018-19 വാർഷിക ധനകാര്യപത്രിക RP-32 പ്രകാരം 977671/- രൂപ ലോൺ തിരിച്ചടവ് വരുത്തിയിട്ടുണ്ട്. വ്യത്യാസത്തിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/19.11.2020) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. വ്യത്യാസത്തിന്റെ കാരണം പരിശോധിച്ച് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-23 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെക്ക് നം 519825/01.06.2018 പ്രകാരം 180000 രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ ചെലവു രേഖകൾ, പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ സെക്രട്ടറി മുഖേന മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് അന്വേഷണം (നം.3/16.11.2020 ) നല്കിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 180000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ

എ) പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കിനേക്കാൾ അധികതുക നൽകിയത് അംഗീകരിക്കുന്നില്ല

സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ. 146/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ആര്യാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പുതുതായി സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ Piercing Connector വാങ്ങൽ, സൂപ്പർവിഷൻ ചാർജ്ജ് അടവാക്കൽ എന്നിവയ്ക്കായി 50000/- രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. Piercing Connector വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ GS Enterprises, കൊട്ടാരപാലം, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ഒരെണ്ണത്തിന് 110.20/- രൂപയുടെ ക്വട്ടേഷൻ 05.12.2018 –

ലെ 1(4) പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ഇതനുസരിച്ച്, 75 കണക്കൂറിന്റെ വില 8265/- രൂപയാണ്. എന്നാൽ ബിൽ നമ്പർ. 12/2018 തീയതി. 01.12.2018 പ്രകാരം (ഇൻവോയ്സ് നമ്പർ. 12/01.12.2018) ജി.എസ്.ടി ഉൾപ്പെടെ 9753/- രൂപ സ്ഥാപനത്തിന് നൽകി. അധിക ചെലവിനും പഞ്ചായത്ത് കമ്മറ്റി ക്വട്ടേഷൻ അംഗീകരിക്കുന്നതിന് മുമ്പ് വാങ്ങൽ നടത്തിയതിനും വിശദീകരണം നൽകുവാനും കണക്കൂറുകളുടെ ഉപയോഗം സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/16.11.2020) പഞ്ചായത്ത് പ്രദേശത്തെ ഇടറോഡുകളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന, തെരുവുനായ്ക്കളുടേയും സാമൂഹ്യവിരുദ്ധരുടേയും ശല്യം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് അടിയന്തരമായി നടപ്പാക്കിയതെന്നും അധികം നൽകിയ തുക 1488/- രൂപ തിരികെ ഈടാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകി. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള നിരക്കിനേക്കാൾ അധികം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്. കണക്കൂറുകളുടെ ഉപയോഗം സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 8265/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ബി) സൂപ്പർവിഷൻ ചാർജ്ജ് - കെ.എസ്.ഇ.ബി സൂപ്പർവിഷൻ നടത്തിയതിന് രേഖയില്ല

പ്രോജക്ട് പ്രകാരം ആര്യാട് ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 18 വരെയുള്ള വാർഡുകളിൽ നിലവിൽ സ്ട്രീറ്റ് ലൈൻ വലിച്ച പോസ്റ്റുകളിൽ പുതുതായി ലൈറ്റ് സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ പാതിരപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 6018/- രൂപ (ബിൽ നം. 44/2018-19 തീയതി. 04.02.2019)അടവാക്കിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ വാർഡുകളിൽ എത്ര ലൈറ്റ് സ്ഥാപിച്ചെന്നോ, കെ.എസ്.ഇ.ബി. പ്രവൃത്തിക്കായി സൂപ്പർവിഷൻ നടത്തിയെന്നോ തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/16.11.2020) മറുപടി ലഭ്യമാക്കിയില്ല. 6018/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ വിശദാംശം, കെ.എസ്.ഇ.ബി. പ്രവൃത്തിക്കായി സൂപ്പർവിഷൻ നടത്തിയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 കമ്മ്യൂണിറ്റി ഹാളിലേക്ക് പാചക പാത്രങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

കമ്മ്യൂണിറ്റി ഹാളിലേക്ക് പാത്രങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ച്, അഫ്സൽ മെറ്റൽസ് എന്ന സ്ഥാപനത്തിൽ നിന്നും 298920/- രൂപയുടെ (ബിൽ നം.20/2018 തീയതി.02.11.2018) പാചകപാത്രങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിന്റെ 2018-19 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും കമ്മ്യൂണിറ്റി ഹാളിലേക്ക് നാളിതുവരെ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ ഈ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. മുൻവർഷങ്ങളിലും കമ്മ്യൂണിറ്റി ഹാളിലേക്ക് സാധനങ്ങൾ വാങ്ങുന്ന പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ മുൻവർഷങ്ങളിലുൾപ്പെടെ കമ്മ്യൂണിറ്റി ഹാളിന് വേണ്ടി വാങ്ങിയ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/19.11.2020)കമ്മ്യൂണിറ്റി ഹാളും സാധനങ്ങളും സൂക്ഷിക്കുന്നതിനായി ശ്രീ.ബിജു നികർത്തിൽ എന്നയാളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും ടിയാളുടെ മേൽനോട്ടത്തിൽ കമ്മ്യൂണിറ്റി ഹാളിൽവച്ച് നടക്കുന്ന ചടങ്ങുകൾക്ക് മാത്രമാണ് പാത്രങ്ങളുപയോഗിക്കുന്നതെന്നും ഉപയോഗശേഷം പാത്രങ്ങളൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്നുള്ള ടിയാളുടെ സാക്ഷ്യപത്രപ്രകാരമാണ് റീഫണ്ട് തുക നൽകുന്നതെന്നും കമ്മ്യൂണിറ്റിഹാളിലെ സാധനങ്ങൾ കാലാകാലങ്ങളിൽ സെക്രട്ടറി പരിശോധിച്ച് ബോദ്ധ്യപ്പെടുന്നുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരത്തിലുള്ള പരിശോധനയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമായതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലുള്ള മുഴുവൻ സാധനങ്ങളുടെയും കൃത്യമായ സ്റ്റോക്ക് എഴുതി സൂക്ഷിക്കേണ്ടതും ഓരോ വർഷവും സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

അഫ്സൽ മെറ്റൽസ് എന്ന സ്ഥാപനത്തിന് നൽകിയ 298920 രൂപയിൽനിന്നും 01.10.2018 മുതൽ 2,50,000/- രൂപക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ബാധകമായ 2% ജി.എസ്.ടി റ്റി.ഡി.എസ് ഈടാക്കിയിട്ടില്ല. ജി.എസ്.റ്റി ഇനത്തിൽ ഈടാക്കാനുള്ള 2% തുക സ്ഥാപനത്തിന് കത്ത് നൽകി ഈടാക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. ജി.എസ്.റ്റി ഇനത്തിൽ 5978/- രൂപ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-26 പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ – വിതരണരേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ (പ്രോജക്ട് നം. 31/2019) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 24000/-രൂപ വകയിരുത്തിയിരുന്നു. 2019-ലെ പൗരാവകാശരേഖ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നതിനായി ബ്രദേഴ്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ബുക്ക് 1 ന് 12/- രൂപ പ്രകാരം 2000 ബുക്കുകൾ പ്രിന്റ് ചെയ്തതിന് 24000/- രൂപ (ബിൽ നം. 57/2018-19 തീയതി, 02.03.2019) ചെലവഴിക്കുകയും ചെയ്തു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 38- ൽ 12000 എണ്ണം പ്രിന്റ് ചെയ്തതായും 12000 എണ്ണം ഇഷ്യൂ ചെയ്തതായും കാണിച്ചിരിക്കുന്നു. ഈ വിഷയത്തിൽ വിശദീകരണവും വിതരണരേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/19.11.2020) സ്റ്റോക്ക് രജിസ്റ്ററിൽ ക്ലെറിക്കൽ തകരാറുമൂലം തെറ്റ് പറ്റിയതാണെന്നും വാർഡ് മെമ്പർമാർ മുഖേനയാണ് വിതരണം ചെയ്തതെന്നും കൈപ്പറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. വിതരണരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തെരുവ് വിളക്ക് റിപ്പയർ - നിർവ്വഹണത്തിലെ അപാകതകൾ

തെരുവ് വിളക്ക് റിപ്പയർ (നം.S0039/19) എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 200000/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിൽ ട്യൂബ് ലൈറ്റുകൾ റിപ്പയർ ചെയ്ത് തിരികെ സ്ഥാപിച്ച ഇനത്തിൽ 123435/- രൂപ (633 @195/-) ശ്രീ.സാജുമോൻ.പി. എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ട്യൂബ് ലൈറ്റുകൾ ഇത്ര എണ്ണം നന്നാക്കിയതായുള്ള മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഏതൊക്കെ പോസ്റ്റുകളിലാണ് അറ്റകുറ്റപ്പണി നടത്തി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന വിവരങ്ങളില്ല.

2) ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) കേടായ ഉപകരണങ്ങൾ തിരികെ ഏല്പിച്ചതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

4) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല.

5)മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.
<u>ചെലവ്</u>
ബിൽ നം. 54/2018-19 തീയതി, 19.03.2019 – 123435/-

## 1-28 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1)ഗ്രാമ പഞ്ചായത്തിൽ റോഡുകളുടെ കണക്റ്റിവിറ്റി പ്ലാൻ, കണക്റ്റിവിറ്റി മാപ്പ്, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിൽനിന്നും സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല.

3)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രോജക്റ്റുകളുടെ വിലയിരുത്തൽ നടത്തിയിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല.

4) റോഡ് നിർമ്മാണ/അറ്റകുറ്റപ്പണി പ്രവൃത്തികളുടെ എസ്റ്റിമേറ്റിലോ അളവുപുസ്തകങ്ങളിലോ റോഡുകളുടെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-29 ലൈഫ് പദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ ആകെ 10.88 കോടി രൂപ തൻവർഷം വകയിരുത്തിയതിൽ 43610648/- രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്. സി. വിഭാഗത്തിൽ തൻവർഷം 20 ലക്ഷം രൂപ വകയിരുത്തിയതിൽ 8.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ ജനറൽ വിഭാഗത്തിൽ 196 ഉം പട്ടികജാതി വിഭാഗത്തിൽ 3 ഉം ഉൾപ്പെടെ ആകെ 199 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിലവിലെ സ്റ്റേജ് | നൽകിയ തുക |
|---|---|---|---|
| 1 | മാനുവൽ, തൈപ്പറമ്പിൽ | നിർമ്മാണം തുടങ്ങിയില്ല | 40,000 |
| 2 | ശ്രീദേവി, നെടിയാംപോളവെളി | ,, | 40,000 |
| 3 | സതിയമ്മ, കാരിക്കുഴി വീട് | ,, | 40,000/- തുക 29.4.2019ൽ 119050100427 രസീത് പ്രകാരം തിരിച്ചടച്ചു |
| 4 | പ്രഭാവതി,പടിഞ്ഞാറെത്തയ്യിൽ | നിർമ്മാണം തുടങ്ങിയില്ല | 40,000/- തുക കൈപ്പറ്റിയില്ല. ബാങ്കിൽ നിന്നും തുക ഇതുവരെ തിരികെ ലഭിച്ചിട്ടില്ല |
| 5 | രേഖ, മാടയ്ക്കൽ | ലിന്റിൽ | 2,60,000 |
| 6 | സന്തോഷ് മടയാം തോട്ടുങ്കൽ | ,, | 200000 |
| 7 | ജോളി ജോസ്, വെട്ടുവഴി | ,, | 2,60,000 |

മുൻകൂർ കൈപ്പറ്റിയതിന് ശേഷം നിർമ്മാണം തുടങ്ങാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനോ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനോ ഉള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

വിവിധ ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് (ജനറൽ)

2018-19

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 2176356 | 2176356 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1246440 | 1166440 | 80000 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 3967852 | 3967852 | 0 |
| ഹഡ്കോ വായ്പ | 36375362 | 36300000 | 75362 |
| ആകെ | 43766010 | 43610648 | 155362 |

ലൈഫ് (എസ്.സി)

2018-19

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 136639 | 0 | 136639 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 929000 | 250200 | 678800 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 609800 | 609800 | 0 |
| ആകെ | 1675439 | 860000 | 815439 |

# 1-30 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ താഴെ പറയുന്ന സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| സെക്രട്ടറി | ആർദ്രം പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ | 400000/- | 9/2018/12.07.2018 |
| | വനിത സൗഹൃദ പഞ്ചായത്ത് | 150000/- | 10/2018/12.07.2018 |

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/19.11.2020) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് 550000 /- തടസ്സപ്പെടുത്തുന്നു.

# 1-31 തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ 13 മെറ്റീരിയൽ വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് പ്രത്യേകം ടെൻഡർ ക്ഷണിച്ചിട്ടില്ല. മെറ്റീരിയൽസ് വാങ്ങി അക്രെഡിറ്റഡ് എഞ്ചിനിയറുടേയും ഓവർസീയറുടേയും മേൽനോട്ടത്തിൽ വർക്ക് ചെയ്യിക്കുന്ന രീതിയല്ല സ്വീകരിച്ചിട്ടുള്ളത്. വർക്ക് ഉൾപ്പെടെ കരാറുകാരന് കരാർ നൽകിയിരിക്കുന്നു.

2)എല്ലാ വർക്കുകളിലും സിംഗിൾ ടെൻഡർ ആണ് ലഭിച്ചിട്ടുള്ളത്. മത്സരാധിഷ്ഠിതമായ രീതിയിൽ ടെൻഡറുകൾ ലഭിച്ചിട്ടില്ല.

3)കരാറുകാരൻ സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് നിയമാനുസൃത കിഴിവുകൾ വരുത്തിയിട്ടില്ല. റെഡ് എർത്ത് മാത്രമാണ് സ്റ്റാക്ക് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അളവിൽ നിന്നും കുറവ് വരുത്തിയിട്ടില്ല.

4) കരാറുകാരൻ സപ്ലൈ ചെയ്ത സാധനങ്ങളുടെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) സൈറ്റ് ഡയറിയിൽ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല. ലഭിച്ച മെറ്റീരിയൽസിന്റെ വിവരം ചേർത്തിട്ടില്ല. മെറ്റീരിയൽസിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

6) ഓരോ വർക്കിലും ബോർഡ് സ്ഥാപിക്കുന്നതിനായി 5000 രൂപ വീതം കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7) അളവുപുസ്തകങ്ങളിൽ ഉപയോഗിച്ച സാധനങ്ങളുടെ അളവ് രേഖപ്പെടുത്തുന്നില്ല.

8) 01.10.2018 മുതൽ 250000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ബാധകമായിട്ടുള്ള 2% GST റ്റി.ഡി.എസ്. കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | കൈപ്പറ്റിയ തുക | FTO നമ്പർ | ഈടാക്കേണ്ട GST |
|---|---|---|---|---|---|
| 1 | കാപ്പൂരിക്കാട് ഇന്റർലോക്ക് ടൈൽ റോഡ് വാർഡ് 5 | ശ്രീ. അനസ് നൈന, മന്തൻചിറയിൽ, പൊന്നാട് പി.ഒ | 265030/- | 490240/31.01.2019 | 5300/- |
| 2 | ഡിംഗ്ലിൻ ടൈൽ റോഡ് നിർമ്മാണം വാർഡ് 14 | ശ്രീ. അശ്വിൻ രാജ്, കുറുപ്പശ്ശേരിൽ, വാടയ്ക്കൽ | 293288/- | 374570/01.12.2018 | 5866/- |
| | ആകെ | | | | 11166/- |

GST ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

10) വ്യക്തിഗത കക്കൂസ് നിർമ്മാണം

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ള കക്കൂസ് നിർമ്മാണത്തിന്റെ ഫയൽ പരിശോധിച്ചതിൽ കൃത്യമായ രേഖകൾ സൂക്ഷിക്കാതെയാണ് തുക നൽകിയിട്ടുള്ളതെന്ന് കാണുന്നു.

എ) ജയശ്രീ.പി വാർഡ് 12 - നിർമ്മാണം പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല. മെറ്റീരിയൽസ് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കാതെ പണം നൽകി.

ബി) ലത, വാർഡ്-12 - മെറ്റീരിയൽസ് വാങ്ങിയതിന് 2018-19 സാമ്പത്തിക വർഷത്തിൽ 8748/-രൂപ നൽകിയിട്ടുണ്ട്.എന്നാൽ മെറ്റീരിയൽസിന്റെ ബില്ല് 16.09.2019 ലേതാണ്. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല

സി) വിജയമ്മ, വാർഡ്-10 - കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല. മെറ്റീരിയൽസ് വാങ്ങിയതിന്റെ ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

ഡി) വിജയകുമാരി, വാർഡ് 12 – മെറ്റീരിയൽസ് വാങ്ങിയ ബില്ലിൽ പേര് തിരുത്തിയിരിക്കുന്നു. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല.

പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ക്രമവത്ക്കരണ ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പറിങ്ങിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പെർമിറ്റില്ലാതെ നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 229813/ആർ.ഡി2/2016 നം കത്തിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. പെർമിറ്റ് ഫീസിൻെറ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്കാണ് രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുന്നത്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ) | ഉപയോഗം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | മേഴ്സി ജോൺ, പനയ്ക്കൽ, 17/578 A, 578B, 578 C | 47.76 | വ്യവസായം | 478 | 716 | 238 |
| 2 | ജയറാം & ബിന്ദുപുഷ്പ, 8/556 C | 144.65 | പാർപ്പിടം | 868 | 1302 | 434 |
| 3 | ജയൻ.എസ്, കളമ്പുകാട്, 18/163A | 114.42 | „ | 687 | 1030 | 343 |
| 4 | ജയകുമാർ നമ്പിടി, കിഴക്കേതിൽ, 12/316A | 99.16 | „ | 595 | 892 | 297 |
| 5 | എബ്രഹാം, ത്രേസ്യാമ്മ എബ്രഹാം, 2/371A | 73.26 | „ | 440 | 659 | 219 |
| 6 | ക്രിസ് റ്റി. പി.ജെ, പൊൻവേലിൽ, 17/104A | 148.72 | „ | 893 | 1338 | 445 |
| | ആകെ | | | | | 1976 |

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതയ്ക്ക് വിശദീകരണമാരാഞ്ഞ് എൻക്വയറി നം. 9/18.11.2020 നൽകിയതിനെ തുടർന്ന് ക്രമ നം. 4,5,6 എന്നിവരിൽ നിന്ന് 961/-രൂപ 20.11.2020-ൽ ഈടാക്കിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ

ക്രമവൽക്കരണ ഫീസ് ഈടാക്കിരിക്കുന്ന മറ്റ് വ്യക്തികളിൽ നിന്നും ശേഷിക്കുന്ന തുക 1015/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധിക തുക ചെലവഴിച്ചത് അനുവദിക്കുന്നില്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങൽ (പ്രോജക്ട് നം. S0074/19) എന്ന പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ച് സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര എന്ന സ്ഥാപനത്തിന്റെ 26880/- രൂപയുടെ ടെൻഡർ (ACER laptop with ESI-576/4 GB/1TB/15.6")പഞ്ചായത്ത് കമ്മറ്റിയുടെ 10.08.2018 യുടെ 1(2) തീരുമാനപ്രകാരം അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി. എന്നാൽ സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര എന്ന സ്ഥാപനവുമായി സമയബന്ധിതമായി കരാറിൽ ഏർപ്പെടുകയോ സപ്ലൈ ഓർഡർ നൽകുകയോ ചെയ്തില്ല. തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥയുടെ അപേക്ഷ പരിഗണിച്ച് 10.01.2019-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം. 1(3) - ൽ ടെൻഡർ സ്പെസിഫിക്കേഷനിൽ പറയുന്ന ലാപ്ടോപ്പിന് നിലവിൽ വില അധികരിച്ചതിനാൽ നൽകുവാൻ സാധിക്കില്ല എന്ന് അറിയിച്ചതിനാലും തൊട്ടടുത്ത വിലക്കുറവ് രേഖപ്പെടുത്തിയ നിയോൺ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനവും ഇതേ വിവരം തന്നെ നൽകിയതിനാലും റീടെൻഡർ ചെയ്യുന്നതിന് തീരുമാനിച്ചു. റീ ടെൻഡർ ക്ഷണിച്ച് ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിന്റെ ലാപ്ടോപ്പ് ഒന്നിന് 29890/- രൂപയുടെ ടെൻഡർ 23.01.2019-ലെ തീരുമാനം 1(5) പ്രകാരം അംഗീകരിച്ചു. തുടർന്ന് ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും LAPTOP ACER ES1-533(QC/4GB/1TB/15.6") 4 ലാപ്ടോപ്പുകൾ 118880/- രൂപയ്ക്ക് വാങ്ങി.

10.08.2018 – ൽ ടെൻഡർ അംഗീകരിച്ചതിനുശേഷം ലാപ്ടോപ്പ് വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കാൻ കാലതാമസം വന്നതുമൂലം റീടെൻഡർ ക്ഷണിക്കേണ്ടിവരുകയും ടെൻഡറിനേക്കാൾ അധികനിരക്ക് നൽകേണ്ടിവന്നതിനാൽ ലാപ്ടോപ്പിന്റെ വില ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. വില അധികരിച്ചതിനാൽ ലാപ് ടോപ്പ് നൽകാൻ സാധിക്കില്ല എന്ന് സ്ഥാപനം അറിയിച്ചതായുള്ള രേഖയോ സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനവുമായി നടത്തിയ കത്തിടപാടുകളുടെ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപനവുമായി യഥാസമയം കരാറിൽ ഏർപ്പെട്ട് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതിരുന്നതും സപ്ലൈ ഓർഡർ നൽകാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/17.11.2020), 10.08.2018-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27.11.2018-ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിരുന്നുവെന്നും 15 ദിവസം കഴിഞ്ഞിട്ടും കരാറിൽ ഏർപ്പെടുകയോ മറ്റ് അനുബന്ധരേഖകൾ സമർപ്പിക്കുകയോ ഉണ്ടായില്ല എന്നും പദ്ധതി നിർവ്വഹണം അടിയന്തരമായി പൂർത്തീകരിക്കേണ്ടതിനാൽ റീ ടെൻഡർ ക്ഷണിച്ച് പദ്ധതി പൂർത്തീകരിക്കേണ്ടതായി വന്നു എന്നാണ് മറുപടി നൽകിയത്. ഇതിൽനിന്നും സപ്ലൈ ഓർഡർ നൽകുന്നതിന് മൂന്നു മാസം 17 ദിവസം കാലതാമസം വന്നു എന്നത് വ്യക്തമാണ്. അതിനാൽ അധികം ചെലവഴിച്ച തുക 11360/- രൂപ (118880 - 107520) യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി പ്രത്യേകം

# രസീത് ബുക്കുകൾ പ്രിന്റ് ചെയ്തു - ഗുരുതരമായ വീഴ്ച

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്ര പച്ചക്കറി വികസനപദ്ധതി എന്ന പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന്റെ പ്രിന്റിംഗ് ചാർജ് ആയി 4740/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രിന്റിംഗ് ചാർജ് രസീത് പരിശോധിച്ചതിൽ സമഗ്ര പച്ചക്കറി വികസനപദ്ധതി എന്ന പ്രോജക്ടിനായി 40 രസീതുബുക്കുകളും ആര്യാട് കുരുമുളക് ഗ്രാമം പദ്ധതിയ്ക്കായി 20 രസീത് ബുക്കുകളും കപ്പയും കാന്താരിയും എന്ന പദ്ധതിയ്ക്കായി 16 ബുക്കുകളും അച്ചടിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന് വിശദീകരണവും പ്രിന്റ് ചെയ്ത രസീത് ബുക്കുകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ 17.11.2020-ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് 10.01.2019-ലെ ഭരണസമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് രസീതുബുക്കുകൾ പ്രിന്റ് ചെയ്തത് എന്നും ഹരിതസേനാഅംഗങ്ങൾ മുഖേന ഗുണഭോക്തൃ വിഹിതം ശേഖരിച്ച് കൃഷിഭവനിൽ അടക്കുകയും പിന്നീട് പഞ്ചായത്തിൽ അടയ്ക്കുകയുമാണ് ചെയ്തത് എന്നും മറുപടി നൽകിയിട്ടുണ്ട്. രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയുമില്ല. ഗുണഭോക്തൃ വിഹിതം ശേഖരിക്കേണ്ടത് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും പഞ്ചായത്ത് വാങ്ങി നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്ക് മുഖേനയാണ്. ഇതിനുവിരുദ്ധമായി രസീതുകൾ പ്രിന്റ് ചെയ്ത് ഗുണഭോക്തൃവിഹിതം പിരിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഇത്തരം പ്രവൃത്തികൾ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് ചേർന്നതല്ല. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കാവുന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ കാരണങ്ങളാൽ ബ്രദേഴ്സ് ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് രസീത് ബുക്കുകൾ അച്ചടിച്ചതിന്റെ പ്രിന്റിംഗ് ചാർജ് ആയി നൽകിയ 4740/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. രസീത് ബുക്ക് പ്രിന്റ് ചെയ്യുന്നതിന് തെറ്റായ തീരുമാനം എടുത്ത 10.01.2019-ലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിന് ചെലവഴിച്ച തുക 4740/-രൂപ തുല്യമായി ഈടാക്കേണ്ടതാണ്.

# 3-3 സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ – പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കിനേക്കാൾ അധികതുക നൽകിയത് അംഗീകരിക്കുന്നില്ല

<u>പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കിനേക്കാൾ അധികതുക നൽകിയത് അംഗീകരിക്കുന്നില്ല</u>

സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ. 146/19) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ആര്യാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പുതുതായി സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ പുതിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ Piercing Connector വാങ്ങൽ, സൂപ്പർവിഷൻ ചാർജ്ജ് അടവാക്കൽ എന്നിവയ്ക്കായി 50000/- രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. Piercing Connector വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ GS Enterprises, കൊട്ടാരപാലം, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ഒരെണ്ണത്തിന് 110.20/- രൂപയുടെ ക്വട്ടേഷൻ 05.12.2018 – ലെ 1(4) പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. ഇതനുസരിച്ച്, 75 കണക്ടറിന്റെ വില 8265/- രൂപയാണ്. എന്നാൽ ബിൽ നമ്പർ. 12/2018 തീയതി. 01.12.2018 പ്രകാരം (ഇൻവോയ്സ് നമ്പർ. 12/01.12.2018) ജി.എസ്.ടി ഉൾപ്പെടെ 9753/- രൂപ സ്ഥാപനത്തിന് നൽകി. അധിക ചെലവിനും പഞ്ചായത്ത് കമ്മറ്റി ക്വട്ടേഷൻ അംഗീകരിക്കുന്നതിന് മുമ്പ് വാങ്ങൽ നടത്തിയതിനും വിശദീകരണം നൽകുവാനും കണക്റ്ററുകളുടെ ഉപയോഗം സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/16.11.2020) പഞ്ചായത്ത് പ്രദേശത്തെ ഇടറോഡുകളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന, തെരുവുനായ്ക്കളുടേയും സാമൂഹ്യവിരുദ്ധരുടേയും ശല്യം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട്

അടിയന്തരമായി നടപ്പാക്കിയതെന്നും അധികം നൽകിയ തുക 1488/- രൂപ തിരികെ ഈടാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകി. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള നിരക്കിനേക്കാൾ അധികം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | പാലിയേറ്റീവ് കെയർ | 250000 | 0 |
| | | 646440 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 566440 | 80000 |
| | | 929000 | ലൈഫ് ഭവനനിർമ്മാണം(എസ്.സി.പി) | 250200 | 678800 |
| | | 600000 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 600000 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 200000 |
| | | 100000 | അഗതി ആശ്രയ | 100000 | 0 |
| | | 400000 | പാലിന് സബ്സിഡി | 400000 | 0 |
| | | 1500000 | ഹരിതകിരണം | 1024240 | 475760 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 133853 | ലൈൻ എക്സ്റ്റെൻഷൻ | 133853 | 0 |
| | | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 225000 | 0 |
| | | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 100000 | 0 |
| | | 348750 | നാളികേര വികസനം | 348000 | 750 |
| | | 2176356 | ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 2176356 | 0 |
| | | 136639 | ലൈഫ് ഭവനനിർമ്മാണം(എസ്.സി.പി) | 0 | 136639 |
| | | 500000 | എസ്.സി. സ്റ്റഡി റൂം | 0 | 500000 |
| | 2017-18 | 2603024 | പ്ലാസ്റ്റിക് സ്മാർട്ട് ആര്യാട് | 2599949 | 3075 |

കുറിപ്പ്: - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 225000/- രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ബ്ലോക്ക് വിഹിതമായാണ് കാണിച്ചിട്ടുള്ളത്. ഈ വ്യത്യാസം അക്കൗണ്ട്സും സുലേഖ സ്റ്റേറ്റ്മെന്റുമായി കാണുന്നുണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്റ്റ് നം.57/19) | 21801160 | 633853 | 0 | 633853 |
| | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ 34, 104, 105, 138, 166, 335, 305, 196, 221, 251, 269 | 180000 | 0 | 180000 |
| | | 1477397/20.03.2019 | 6911 | 0 | 6911 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 36375362/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC | - | 36375362 | 0 | 0 | 0 | 36375362 |
| ഇ.എം.എസ് | 2017-18 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഇ.എം.എസ്. ഭവനവായ്പ തിരിച്ചടയ്ക്കാനുള്ളത് 902671/- രൂപയാണ്. എന്നാൽ 2018-19 വാർഷിക ധനകാര്യപത്രിക RP-32 പ്രകാരം 977671/- രൂപ ലോൺ തിരിച്ചടവ് വരുത്തിയിട്ടുണ്ട്. വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്. | | | | | |

•

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 112673606 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102311599 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1015 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17588 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3311961 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1015 | | വീണ.എസ്, സെക്രട്ടറി |
| 3-1 | | 11360 | സൂര്യ അജിത്ത്, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-2 | | 4740 | അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ, 10.01.2019-ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ |
| 3-3 | | 1488 | വീണ.എസ്, സെക്രട്ടറി |
| ആകെ | 1015 | 17588 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1222914 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-20(1) | 633853 | വീണ.എസ്, സെക്രട്ടറി |
| 1-20(2) | 186911 | വീണ.എസ്, സെക്രട്ടറി |
| 1-21(1) | 500000 | വസന്ത കുമാരി, പ്രധാനാധ്യാപിക |
| 1-23 | 180000 | ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ |
| 1-24 എ | 8265 | വീണ.എസ്, സെക്രട്ടറി |
| 1-24 ബി | 6018 | വീണ.എസ്, സെക്രട്ടറി |
| 1-26 | 24000 | വീണ.എസ്, സെക്രട്ടറി |
| 1-30 | 550000 | വീണ.എസ്, സെക്രട്ടറി |
| ആകെ | 3311961 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-25 | 5978 |
| 1-31 | 11166 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വീണ.എസ്, സെക്രട്ടറി | ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്, ആലപ്പുഴ | വടക്കേവാര്യം, തോണ്ടൻകുളങ്ങര വാർഡ്, ആലപ്പുഴ |
| ഡോ. കണ്ണൻ വി എ, മെഡിക്കൽ ഓഫീസർ | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ, ആലപ്പുഴ | ശ്രീവത്സം, അവലൂക്കുന്ന് പി ഒ, ആലപ്പുഴ |
| സൂര്യ അജിത്ത്, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ, ആര്യാട് ഗ്രാമ പഞ്ചായത്ത് | അരേശ്ശേരിൽ, അവലൂക്കുന്ന്.പി.ഒ, കൊറ്റംകുളങ്ങര, ആലപ്പുഴ |
| വസന്ത കുമാരി ആർ, പ്രധാനാധ്യാപിക | സർവ്വീസിൽ നിന്നും വിരമിച്ചു | ഹരിവിഹാർ, സി എം സി 12, ചേർത്തല |
| അക്ഷയ് ശശിധരൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് | ലേഖ ഭവൻ, കാട്ടൂർ പി ഒ, ആലപ്പുഴ |

10.01.2019-ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ

| ക്രമ നം. | പേര് | മേൽവിലാസം |
|---|---|---|
| 1 | അനിത ഗോപിനാഥൻ | കല്ലൂച്ചിറ, അവലൂക്കുന്ന്.പി.ഒ |
| 2 | കവിത ഹരിദാസ് | നിലം നികർത്തിൽ, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 3 | മായ ജയരാജ് | പാലച്ചിറയിൽ, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 4 | പ്രസന്ന രാജേന്ദ്രൻ | പുതുപ്പറമ്പ് വെളി, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 5 | അജികുമാർ | ചിറ്റേഴത്ത് വെളി, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 6 | രശ്മി.പി.കെ.പണിക്കർ | ചക്കച്ചാംപറമ്പിൽ, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 7 | രേണുക | നാരകത്തറ, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 8 | ഷിനി ഷിജു | കണ്ടത്തിൽ, അവലൂക്കുന്ന്.പി.ഒ |
| 9 | ഷീജ പ്രദീപ് | തടിയ്ക്കൽ, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 10 | ബിപിൻരാജ്.ബി | തറയിൽ വെളി, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 11 | ബിന്ദു മധുകുമാർ | തറെവെളി, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ |
| 12 | അജിതകുമാരി.ഡി | തൈപ്പറമ്പ്, തെക്കനാര്യാട്, അവലൂക്കുന്ന്.പി.ഒ, 688006 |
| 13 | പി.അനിൽകുമാർ | മേനിതറവള്ളാപ്പാടി, അവലൂക്കുന്ന്.പി.ഒ |
| 14 | റ്റി.ആർ രമേഷ് | തൈപ്പറമ്പിൽ, തെക്കനാര്യാട്, തുമ്പോളി.പി.ഒ |
| 15 | ഷീബസാജു | കണ്ടശ്ശേരിൽ വീട്, തുമ്പോളി.പി.ഒ, 688008 |
| 16 | സുരേഷ് | കിഴക്കേവെളി, അയ്യങ്കാളി ജംഗ്ഷൻ, അവലൂക്കുന്ന്.പി.ഒ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8/1490/09/18.04.08/11.06.08 |
| 1997-98 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 1999-00 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2000-01 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2001-02 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2002-03 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2005-06 | എൽ.എഫ്.ജി.എ.5-1832/11/19.01.12 |
| 2006-07 | എൽ.എഫ്.എ16-46/2010/28.08.2010/4.10.2010 |
| 2007-08 | എൽ.എഫ്.എ.പി.10-1357/2010/31.05.11/14.07.11 |
| 2008-09 | എൽ.എഫ്.എ.പി.10-1358/2010/31.05.11/14.07.11 |
| 2009-10 | എൽ.എഫ്.എ.പി.10-1359/2010/31.05.11/30.06.11 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി.9-96/13/28.01.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി -പി9-1629/2015/08.01.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി -പി9-137/17/06.02.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി9-886/2017/ 19.07.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി9-1553/18/07.12.2018 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം 1

നം.കെ.എസ്.എ-എ.എൽ.പി/പി8-790/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി: 29.12.2020

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആര്യാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ